ഭവനനിർമ്മാണ സഹകരണ സംഘങ്ങളിൽനിന്നുള്ള വായ്പ തിരിച്ചടവ്

25 (*775) ഡോ. എൻ. ജയരാജ് :

ശ്രീ. പി. സി. ജോർജ് :

ശ്രീ. എം. വി. ശ്രേയാംസ് കുമാർ :

ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക ഭവനനിർമ്മാണ സഹകരണ സംഘങ്ങളിൽനിന്ന് വായ്പയെടുത്ത ശേഷം മരണപ്പെടുന്നവരുടെയും, മാരകരോഗങ്ങളും അപകടങ്ങളും സംഭവിച്ച് വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്തവരുടെയും ഭവനവായ്പ ഇനത്തിലുള്ള ബാധ്യത ഏറ്റെടുക്കുന്നതിനുള്ള പദ്ധതികൾ നിലവിലുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ബി) ഇപ്രകാരം വായ്പയെടുത്ത്, ആകസ്മികമായ ദുരന്തങ്ങളിൽപ്പെട്ട് തിരിച്ചടവിന് നിർവ്വാഹമില്ലാതെ നിരാലംബരായവരുടെ ഭവനം നഷ്ടമാകാതിരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ):

(എ) പ്രാഥമിക ഭവന നിർമ്മാണ വായ്പാ സംഘങ്ങളിൽനിന്ന് വായ്പയെടുത്തശേഷം മരണപ്പെടുന്നവരുടെയും മാരകരോഗങ്ങളും അപകടങ്ങളും സംഭവിച്ച് വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്തവരുടേയും ഭവനവായ്പ ഇനത്തിലുള്ള ബാധ്യത ഏറ്റെടുക്കുന്നതിനുള്ള റിസ്ക് ഫണ്ട് പദ്ധതി നിലവിലുണ്ട്. കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് നിബന്ധനകൾ പ്രകാരം വായ്പ ഇൻഷ്വർ ചെയ്തിട്ടുള്ള വ്യക്തി മരണപ്പെടുകയാണെങ്കിൽ ഇൻഷ്വറൻസ് തുക ലഭിക്കുന്ന മുറയ്ക്ക് വായ്പയിലേക്ക് വരവ് വയ്ക്കുന്നു. ബാക്കി നിൽക്കുന്ന തുക മാത്രം ബന്ധപ്പെട്ടവർ അടച്ചാൽ മതി.

(ബി) അടിയന്തര നടപടി സ്വീകരിക്കാവുന്ന സാമ്പത്തിക ഭദ്രത കേരള സംസ്ഥാന സഹകരണ ഭവന നിർമ്മാണ ഫെഡറേഷന് ഇപ്പോഴില്ല.

LIBRARY ARCHIVES Kerala Legislative Assembly